# Deepika

## 25 August 2018

## Thiruvanamthapuram; After Flood, Flood relief fund



ദുരിതാശ്വാസ ക്യാമ്പുകളിൽ ഓണം ഉണ്ണാൻ

# 8.69 ലക്ഷം പേർ

കെ. ഇന്ദ്രജിത്ത്

തിരുവനന്തപുരം: മഹാപ്രളയത്തെത്തുടർന്നു വീടുകളിൽ മടങ്ങിയെത്താൻ കഴിയാത്ത 8,69,224 പേർ ഇന്നു ദുരിതാശ്വാസ ക്യാമ്പുകളിൽ തിരുവോണസദ്യയുണ്ണും. 2,518,104 കുടുംബങ്ങളിൽ നിന്നുള്ള ഇവർ 2551 ക്യാമ്പുകളിലായി കഴിയുന്നു. ക്യാമ്പുകളിൽ കഴിയുന്നവർക്കു സദ്യയൊരുക്കാൻ വിവിധ സന്നദ്ധ സംഘടനകളും വ്യക്തികളും രംഗത്തെത്തിയിട്ടുണ്ട്.

ഉത്രാടദിനമായ ഇന്നലെ 1.85 ലക്ഷത്തോളം പേർ വീടുകളിലേക്കു മടങ്ങി. വെള്ളിയാഴ്ച 10.40 ലക്ഷം പേർ ക്യാമ്പുകളിൽ ഉണ്ടായിരുന്നു. ആലപ്പുഴ ജില്ലയിലെ ക്യാമ്പുകളിലാണ് ഏറ്റവും കൂടുതൽ പേരുള്ളത്- 2,85,904. തൃശൂർ ജില്ലയിൽ 1.89 ലക്ഷം പേർ ക്യാമ്പുകളിൽ കഴിയുന്നു.

ഒരു ഘട്ടത്തിൽ നാലായിരത്തോളം ദുരിതാശ്വാസ ക്യാമ്പുകളിലായി 3.7 ലക്ഷം കുടുംബങ്ങളിലെ 12 ലക്ഷത്തിലേറെപ്പേർ കഴിഞ്ഞിരുന്നു. 3.7 ലക്ഷത്തോളം വീടുകളിലാണു വെള്ളം കയറിയത്. പ്രളയദുരന്തത്തിൽ 7,000 വീടുകൾ പൂർണമായും അരലക്ഷത്തോളം വീടുകൾ ഭാഗികമായും തകർന്നതായാണു സർക്കാരിന്റെ പ്രാഥമിക കണക്ക്.

നമ്മളൊന്നായി നാമൊന്നിച്ച്

വെള്ളം കയറിയ 1.6 ലക്ഷത്തോളം വീടുകൾ ഇതുവരെ വൃത്തിയാക്കി ജനങ്ങൾ താമസം തുടങ്ങിയിട്ടുണ്ട്. വെള്ളം കയറിയതിൽ 31 ശതമാനം വീടുകൾ വാസയോഗ്യമാക്കാൻ സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറയുന്നു. 25.6 ലക്ഷം വൈദ്യുതി കണക്ഷനുകളാണു പ്രളയത്തിൽ തകരാറിലായത്.

ഇതിൽ 23.36 ലക്ഷം പുനഃസ്ഥാപിക്കാനായി. തകർന്ന 16,158 ട്രാൻസ്ഫോമറുകളിൽ 14,314 എണ്ണം പ്രവർത്തനയോഗ്യമാക്കി.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 535 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നും ഓൺലൈനായും ലഭിച്ചതുൾപ്പെടെയാണിത്. 2000 കോടി രൂപയെങ്കിലും ദുരിതാശ്വാസ നിധിയിലേക്ക് എത്തുമെന്നാണു പ്രതീക്ഷ.

ഓരോ ജില്ലയിലും ക്യാമ്പുകളിൽ കഴിയുന്നവരുടെ എണ്ണം- തിരുവനന്തപുരം 103, കൊല്ലം 810, പത്തനംതിട്ട 1,10,435, ആലപ്പുഴ 2,85,904, കോട്ടയം 1,03,702, ഇടുക്കി 17,464, എറണാകുളം 1,51,364, തൃശൂർ 1,89,798, പാലക്കാട് 796, മലപ്പുറം 1821, കോഴിക്കോട് 148, വയനാട് 6858, കണ്ണൂർ 21.

### കുട്ടനാട്ടിലേക്കു ബസ്, ബോട്ട് സർവീസുകൾ

ചങ്ങനാശേരി: എസി റോഡിൽ ചങ്ങനാശേരിയിൽനിന്നു കെഎസ്ആർടിസി പള്ളിക്കൂട്ടുമ്മവരെ ബസ് സർവീസും ചങ്ങനാശേരിയിൽനിന്നു കിടങ്ങറ വരെ ബോട്ട് സർവീസുകളും ഇന്നലെ രാവിലെ ആരംഭിച്ചു.